പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 252

28.01.2014 ൽ മറുപടിക്ക്

**ഒരുരൂപ, രണ്ട് രൂപ നിരക്കിലുള്ള അരി വിതരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി. എഫ്. തോമസ്:<br>ശ്രീ റ്റി. യു. കുരുവിള:<br>ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. മോൻസ് ജോസഫ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) 1 രൂപ, 2 രൂപ നിരക്കിലുള്ള അരി വിതരണം കാര്യക്ഷമമായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ മുഴുവൻ ബി.പി.എൽ. കുടുംബങ്ങൾക്കും എ.എ.വൈ. കുടുംബങ്ങൾക്കും കിലോഗ്രാമിന് 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. 14.83 ലക്ഷം ബി.പി.എൽ. കുടുംബങ്ങളും 5.90 ലക്ഷം എ.എ.വൈ. കുടുംബങ്ങളുമാണ് ഈ പദ്ധതിയുടെ ഗുണഫലങ്ങൾ അനുഭവിച്ചുവരുന്നത്. സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് 2013-14 വർഷത്തേക്ക് 2408-01-101-98-33 ശീർഷകത്തിൽ 600 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 1/-രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതുകൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് 2/- രൂപ നിരക്കിൽ ഗോതമ്പ് വിതരണംചെയ്തുവരുന്നു. സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്കും 1/- രൂപ നിരക്കിലുള്ള അരി വിതരണം ചെയ്തു വരുന്നു. ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ ലഭ്യത ഗുണഭോക്താക്കളെ അറിയിക്കുവാൻ പത്രമാധ്യമങ്ങൾ മുഖാന്തിരം വിവരങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ട്. |

(മറുപുറം)

(ബി) പൊതുവിതരണ സംവിധാനംവഴി നൽകുന്ന അവശ്യവസ്തുക്കൾ കൃത്യമായി ജനങ്ങൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

(ബി) എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ കൃത്യമായി മൊത്ത/ചില്ലറ വ്യാപാരകേന്ദ്രങ്ങളിൽ എത്തുന്നു എന്നുറപ്പുവരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നു. ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരുന്ന വാഹനങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ തലത്തിലുള്ള ഉദ്യോഗസ്ഥർ കൃത്യമായി റേഷൻകടകൾ പരിശോധിക്കുകയും റേഷൻകടയിലെ റെക്കോർഡുകളും റേഷൻകാർഡുകളും തമ്മിൽ താരതമ്യപ്പെടുത്തുകയും റേഷൻ സാധനങ്ങൾ അർഹതപ്പെട്ടവർക്ക് അർഹമായ അളവിൽ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൃത്യമായ അളവിൽ റേഷൻസാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങളിൽ ഇലക്ട്രോണിക് ത്രാസ്സുകൾ സ്ഥാപിച്ചിട്ടുണ്ട്. റേഷൻ കടകളിൽ സ്റ്റോക്ക്-വിലനിലവാരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന കർശനനിർദ്ദേശം നൽകുകയും, റേഷൻ സാധനങ്ങളുടെ പ്രതിമാസ ലഭ്യത പത്രമാധ്യമങ്ങൾ മുഖാന്തിരം പ്രസിദ്ധപ്പെടുത്തുകയുംചെയ്യുന്നു. പൊതുവിതരണ സംവിധാനം സുഗമമായും സുതാര്യമായും പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായും പ്രവർത്തനം അവലോകനം ചെയ്യുന്നതിനുമായും സംസ്ഥാന/ജില്ല/താലൂക്ക്/ മുനിസിപ്പൽ/പഞ്ചായത്ത് തലത്തിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ച് അവലോകനം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ